# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2154** **19.06.2012- ൽ മറുപടിക്ക്**

### കൈത്തറി മേഖലയിലെ സമഗ്ര പുനരുദ്ധാരണ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.കെ.അച്ചുതൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ വികസനത്തിന് ഈ സർക്കാരിന്റെ കാലയളവിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) 1. കോഴിക്കോട് വച്ച് അന്താരാഷ്ട്ര കൈത്തറി പ്രദർശനം നടത്തി.<br>2. കൈത്തറി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന വസ്തുങ്ങളുടെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊച്ചിയിലും കോഴിക്കോട്ടും ബയർ സെല്ലർ മീറ്റ് നടത്തി.<br>3. കൈത്തറി നെയ്ത്തുകാർക്ക് ബാങ്ക് വായ്പകൾ ഒറ്റത്തവണയായി തീർപ്പാക്കുന്നതിലേയ്ക്ക് 5 കോടി രൂപ ഇംപ്ളിമെന്റിംഗ് ഏജൻസിയായ നബാർഡിന് നൽകി.<br>4. നെയ്ത്തുകാരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ജക്കാർഡ്/ഡോബി പരിശീലനം നൽകി.<br>5. വിപണന പ്രോത്സാഹനത്തിനായി മിക്കവാറും എല്ലാ ജില്ലകളിലും ക്രിസ്തുമസ്, ഓണം, വിഷു എക്സിബിഷനുകൾ നടത്തി.<br>6. പ്രാദേശികബ്രാൻഡുകളുടെ വികസനത്തിന് വേണ്ടി കാസർഗോഡ് സാരീസ്, ബാലരാമപുരം സാരീസ് & കോട്ടൺ ഫാബ്രിക്സ്, കുത്താംമ്പുള്ളി സാരീസ്, ചേന്ദമംഗലം ദോത്തീസ്, കണ്ണൂർ ഫർണിഷിംഗ് എന്നിവയെക്കുറിച്ച് അരമണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററി ഫിലിം ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു.<br>7. കൈത്തറി വസ്തുങ്ങളുടെ പ്രചരണത്തിന് വേണ്ടി പ്രമുഖ ചാനലുകളിലും റേഡിയോയിലും പത്രങ്ങളിലും പരസ്യം നൽകി.<br>8. ദുബായ് ഫെസ്റ്റിവലിൽ ഹാന്റക്സിനേയും കൈത്തറി സഹകരണ സംഘങ്ങളേയും പങ്കെടുപ്പിച്ചു.<br>9. ഓഹരിപങ്കാളിത്തത്തിലേയ്ക്കായി ഹാന്റക്സ് / ഹാൻവീവ് എന്നിവർക്ക് 7.5 കോടി രൂപ നൽകി. |

| | |
|---|---|
| | 10. കൈത്തറി സഹകരണ സംഘങ്ങൾ, അപ്പക്സ് സൊസൈറ്റി, കൈത്തറി വികസന കോർപ്പറേഷൻ എന്നിവയുടെ പുനരുദ്ധാരണത്തിനും ശക്തിപ്പെടുത്തലിനുമായി 5 കോടി രൂപ ചിലവഴിച്ചു.<br>11. കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയായ എം.ജി.ബി.ബി.വൈ പ്രകാരം 9.79 ലക്ഷം രൂപ ചിലവഴിച്ചു. 12238 നെയ്ത്തുകാരെ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാക്കി.<br>12. കൈത്തറി നെയ്ത്തുകാർക്കുള്ള ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിക്കായി 6.12 ലക്ഷം രൂപ ചിലവഴിച്ചു. 5084 നെയ്ത്തുകാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.<br>13. അംശദാന സമ്പാദ്യ പദ്ധതിക്കായി 63 ലക്ഷം രൂപ ചിലവഴിച്ചു. |
| (ബി) ഈ മേഖലയിലെ സമഗ്ര പുനരുദ്ധാരണ പാക്കേജിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്ന് വ്യക്തമാക്കുമോ; | (ബി) കൈത്തറി മേഖലയിലെ സമഗ്ര പുനരുദ്ധാരണ പാക്കേജിൽ താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടു.<br>പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, സംസ്ഥാനത്തെ എല്ലാ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടേയും, അപ്പക്സ് സൊസൈറ്റി ആയ ഹാന്റക്സിന്റെയും 31.3.10 വരെയുള്ള ആഡിറ്റ്, സഹകരണ വകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയുണ്ടായി. 23.3.12 ന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പ് വയ്ക്കുകയും കേന്ദ്രസർക്കാരിന് ലെറ്റർ ഓഫ് കമ്മിറ്റ്മെന്റ് നൽകുകയും ചെയ്തു. സംസ്ഥാന സർക്കാർ, 2011 – 12 വർഷത്തിൽ സംസ്ഥാന വിഹിതമായി 5 കോടി രൂപ അനുവദിക്കുകയും, ആ തുക നബാർഡിന് കൈമാറുകയും ചെയ്തു. 2012 - 13 സാമ്പത്തിക വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. യോഗ്യതയുള്ള സഹകരണ സംഘങ്ങളെ കണ്ടെത്തുന്നതിനും അവർക്ക് അർഹതയുള്ള തുക നിശ്ചയിക്കുന്നതിനും സ്പെഷ്യൽ ഓഡിറ്റ് നടത്തി തുടങ്ങി. |
| (സി) ഇതിന്റെ ഭാഗമായി ഏതെല്ലാം ഏജൻസികളുമായി എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) ഇതിന്റെ ഭാഗമായി, കേന്ദ്ര സർക്കാരും നബാർഡും, സംസ്ഥാന സർക്കാരും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് 23.3.12 ന് ഒപ്പ് വച്ചു. പാക്കേജിന്റെ 20% സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്ന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലൂടെ സമ്മതം നൽകിയിട്ടുണ്ട്. |

(ഡി) പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന - ജില്ലാ തലങ്ങളിൽ അവലോകന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന അവലോകന സമിതികൾ രൂപീകരിക്കപ്പെട്ടു.

1. National Implementation, Monitoring and Review Committee (NIMRC)
2. State Implementation, Monitoring and Review Committee(SIMRC)
3. District Implementation, Monitoring and Review Committee (DIMRC)

മേൽപ്പറഞ്ഞവയിൽ, SIMRC യും DIMRC യും സംസ്ഥാന - ജില്ലാതല കമ്മിറ്റികളാണ്. പാക്കേജിലെ നിബന്ധനകളിൽ മാറ്റം വരുത്തുന്നതിന്, കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടെ, NIMRC ക്ക് അധികാരമുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറിയും നബാർഡിന്റെ റെപ്രസെന്റേറ്റീവും കൈത്തറി ഡയറക്ടറും സംസ്ഥാനതല കമ്മിറ്റിയിലെ അംഗങ്ങളാണ്.

കൈത്തറി കേന്ദ്രീകൃത ജില്ലകളിൽ, മറ്റ് ജില്ലകളിലെ പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട്, ജില്ലാ തല മീറ്റിംഗുകൾ കൂടുന്നതിനുള്ള നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**